# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1556 | 03.12.2018 ൽ മറുപടിക്ക്

## കശുവണ്ടി വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിന് ഒരു വർഷം എത്ര മെട്രിക്ക് ടൺ കശുവണ്ടിയാണ് ആവശ്യമായിട്ടുള്ളത്; | (എ) | ഒരു വർഷം സംസ്ഥാനത്ത് കശുവണ്ടി ഫാക് ടറികൾ പ്രവർത്തിപ്പിക്കുന്നതിനായി ഏകദേശം 7-8 ലക്ഷം MT തോട്ടണ്ടി ആവശ്യമാണ് |
| (ബി) | ആഭ്യന്തരമായി എത്ര ടൺ കശുവണ്ടി ഒരു വർഷം ഉല്പാദിപ്പിച്ചുവരുന്നുണ്ട്; | (ബി) | ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കൊ ഡവലപ്മെന്റ്, കൊച്ചിയുടെ 2016-17-ലെ റിപ്പോർട്ട് പ്രകാരം 83,980 മെട്രിക് ടൺ തോട്ടണ്ടിയാണ് കേരളത്തിന്റെ ഉൽപ്പാദനം. |
| (സി) | സംസ്ഥാനത്ത് കശുവണ്ടിയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ? | (സി) | സംസ്ഥാനത്ത് കശുവണ്ടിയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള കശുമാവിനങ്ങൾ നൽകിയും അതിസാന്ദ്രതാ കൃഷി പ്രോത്സാഹിപ്പിച്ചും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1 <u>കശുമാവ് പുതു കൃഷി</u><br>ഇതിന്റെ ഭാഗമായി കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നു. 7 മീറ്റർ X 7 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 200 തൈകൾ എന്ന അനുപാതത്തിലാണ് തൈകൾ നടുന്നത്. അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധനസഹായം |

| | | |
|---|---|---|
| | | നൽകുന്നു.<br>**2 <u>കശുമാവ് തോട്ടം നിർമ്മാണം</u>**<br>2 ഹെക്ടറും അതിൽ കൂടുതലും കൃഷി ചെയ്യുന്നവർക്ക് കശുമാവിൻ തൈകൾ സൗജന്യമായി നൽകുന്നതോടൊപ്പം ഹെക്ടറിന് 13,000/- രൂപ നിലം ഒരുക്കുന്നതിന് ധനസഹായമായി നൽകുന്നു.<br>**3 <u>മുറ്റത്തൊരു കശുമാവ്</u>**<br>കുടുംബശ്രീ, തൊഴിലുറപ്പ്, റസിഡൻസ് അസോസിയേഷൻ, കശുവണ്ടി ഫാക്ടറി തൊഴിലാളികൾ, സ്കൂൾ കുട്ടികൾ എന്നിവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി. പൊക്കം കുറഞ്ഞ, അധികം പടരാത്ത, വീട്ട്മുറ്റത്ത് നിയന്ത്രിച്ച് വളർത്താവുന്ന കശുമാവിൻ ഗ്രാഫ്റ്റുകൾ സൗജന്യമായി ഈ പദ്ധതിയിലൂടെ നൽകി വരുന്നു.<br>**4 <u>ഹൈ ഡെൻസിറ്റി പ്ലാൻറിംഗ്</u>**<br>സംസ്ഥാനം നേരിടുന്ന സ്ഥലത്തിന്റെ ദൗർലഭ്യം പരിഗണിച്ച് സ്ഥലത്തിനാനുപാതികമായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 5 മീറ്റർ X 5 മീറ്റർ അകലത്തിൽ ഒരു ഹെക്ടറിൽ 400 തൈകൾ നടുന്ന രീതിയിൽ ഹൈ ഡെൻസിറ്റി പ്ലാൻറിംഗ് പ്രോജക്ട് നടപ്പിലാക്കി വരുന്നു. തൈകൾ സൗജന്യമായി നൽകുന്നതിന് പുറമെ അതിജീവിക്കുന്ന ഓരോ തൈകൾക്കും 20:20:20 എന്ന അനുപാതത്തിൽ മൂന്ന് വാർഷിക ഗഡുക്കളായി ധന സഹായം നൽകുന്നു. കുറഞ്ഞത് ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നവർക്ക് മാത്രമേ സബ്സിഡി ആനുകൂല്യം ലഭിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ